ടോൾസ്റ്റോയ് കഥകൾ

# പ്ലം പഴത്തിലെ കല്ല്

പുനരാഖ്യാനം: **അനിൽകുമാർ തിരുവോത്ത്**

അത്താഴ ശേഷം മക്കൾക്ക് കൊടുക്കാനായി അമ്മ കുറച്ച് പഴം വാങ്ങിവെച്ചിരുന്നു. അവർ അതൊരു പ്ലേറ്റിൽ വെച്ചു. വാന്ന്യ ഇതുവരെ പ്ലം പഴം തിന്നിരുന്നില്ല. അവൻ എങ്ങനെയെങ്കിലും ഒന്ന് അത് കഴിക്കാൻ തീരുമാനിച്ചു.

അവൻ പ്ലം പഴത്തിനടുത്തൂടെ നടന്നു. ആ മുറിയിൽ ആരുമില്ല എന്ന് കണ്ടപ്പോൾ ഒന്നെടുത്ത് തിന്നു. പിന്നീട് അമ്മ എണ്ണിനോക്കിയപ്പോൾ ഒന്ന് കുറവ് കാണുകയും അച്ഛനോട് പറയുകയും ചെയ്തു.

അത്താഴം കഴിച്ചുകൊണ്ടിരിക്കെ അച്ഛൻ ചോദിച്ചു:

“മക്കളേ, നിങ്ങളിലാരെങ്കിലും ഒരു പ്ലം പഴം എടുത്ത് കഴിച്ചോ?” “ഇല്ല.” എല്ലാവരും പറഞ്ഞു. വാന്ന്യ നന്നായി വിളറിയിരുന്നെങ്കിലും അവനും പറഞ്ഞു: “ഇല്ല, ഞാൻ തിന്നിട്ടില്ല.”

അച്ഛൻ പറഞ്ഞു: “ഇനീപ്പോ നിങ്ങളാരെങ്കിലും ഒന്ന് എടുത്ത് തിന്നാലും അതൊരു വലിയ കുഴപ്പമല്ല, കുഴപ്പം വേറൊന്നാണ്. പ്ലം പഴത്തിൽ ചെറിയ കല്ലുകളുണ്ട്. അത് കഴിക്കാനാറിയാത്ത



▸▸ ലാൽ ബാൽ എന്ന പേരിലറിയപ്പെടുന്ന നേതാക്കൾ ആരൊക്കെ– ലാലാ ലജ്പത് റായ്, ബാലഗംഗാധര തിലകൻ, ബിപിൻ ചന്ദ്രപാൽ

വർ പ്ലം കഴിക്കുമ്പോൾ ഈ കല്ലുകൾ വിഴുങ്ങിപ്പോയാൽ അടുത്ത ദിവസം തന്നെ അവർ മരിച്ചു പോകും എന്നതാണ് എന്നെ ഭയപ്പെടുത്തുന്നത്.''

വാന്ന്യ വീണ്ടും വിളറി. എന്നിട്ട് പറഞ്ഞു: ''പക്ഷേ ഞാൻ കല്ലുകൾ ജനലിലൂടെ പുറത്തേക്ക് എറിഞ്ഞല്ലോ.''

വാന്ന്യ കരയുമ്പോൾ എല്ലാവരും ചിരിക്കുകയായിരുന്നു.

# കൂണും പെൺകുട്ടികളും

രണ്ട് പെൺകുട്ടികൾ കുട്ട നിറയെ കൂണുമായി വീട്ടിലേക്ക് പോവുകയായിരുന്നു. പോകുന്ന വഴിക്ക് അവർക്ക് ഒരു റെയിൽപ്പാളം മുറിച്ചു കടക്കണമായിരുന്നു.

എഞ്ചിൻ വളരെ ദൂരെയാണെന്ന് അവർ ചിന്തിച്ചു. അത് എത്തുന്നതിനു മുമ്പേ പാളം കടന്ന് മറുകര എത്താം.

പെട്ടെന്ന് അവൻ എഞ്ചിന്റെ ശബ്ദം കേട്ടു. വലിയ പെൺകുട്ടി തിരിഞ്ഞോടി, കൊച്ചു പെൺകുട്ടി നേരെ ഓടി.

''തിരിഞ്ഞോടരുത്!'' വലിയ കുട്ടി തന്റെ അനിയത്തിയോട് നിലവിളിച്ചു കൊണ്ട് പറഞ്ഞു.

എഞ്ചിൻ വളരെ അടുത്തെത്തിയതു കൊണ്ടും അതിന്റെ ശബ്ദം അത്ര അധികമായതു കൊണ്ടും ചേച്ചി വിളിച്ചു പറഞ്ഞത് അനിയത്തി ശരിയായി കേട്ടില്ല. അവൾ വിചാരിച്ചു, തിരിഞ്ഞോടാനാവും ചേച്ചി പറഞ്ഞതെന്ന്. അവൾ അത് മുഴുക്കെ പെറുക്കി കുട്ടയിലിടാനുള്ള ശ്രമമായി.

തീവണ്ടി എഞ്ചിൻ ഏറ്റവും അടുത്തെത്തി. എഞ്ചിൻ ഡ്രൈവർ അയാൾക്കാവുന്ന ഉച്ചത്തിൽ വിസിൽ മുഴക്കി.

''കൂൺ അങ്ങ് കളഞ്ഞേക്ക്....'' ചേച്ചി നിലവിളിക്കുകയായിരുന്നു. അനിയത്തി കേട്ടത് അതെല്ലാം പെറുക്കിയെടുക്ക് എന്നാണ്. അവൾ ട്രാക്കുകൾക്കിടയിൽ മുട്ടിലിഴഞ്ഞ് അവയെല്ലാം പെറുക്കിയെടുക്കാനായി ശ്രമം.

എഞ്ചിൻ ഡ്രൈവർക്ക് എഞ്ചിൻ പിടിച്ചു നിർത്താനായില്ല. അയാൾ ശക്തമായി വിസിലടിച്ചു. പക്ഷേ എഞ്ചിൻ അങ്ങിനെതന്നെ മുന്നോട്ടുപോയി.

ചേച്ചി അലമുറയിട്ടു. യാത്രക്കാർ തലയിട്ട് പുറത്തേക്ക് നോക്കി. ഗാർഡ് വണ്ടിയുടെ പിന്നിലേക്ക് ഓടി, ആ കൊച്ചു കുട്ടിക്ക് എന്തുപറ്റി എന്നറിയാനായി.

ട്രെയിൻ കടന്നു പോയപ്പോൾ എല്ലാവരും കണ്ടു, അവൾ മുഖം മുട്ടിച്ച് ആ പാളങ്ങൾക്കിടയിൽ കിടക്കുന്നത്.

പിന്നെ, തീവണ്ടി കടന്നുപോയപ്പോൾ അവൾ തല ഉയർത്തി. മുട്ടിലിഴഞ്ഞ് കൂണുകളെല്ലാം പെറുക്കിയെടുത്ത് ചേച്ചിയുടെ അരികിലേക്ക് ഓടി.

✦

